©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

വാല്യം 4 / Vol. IV — തിരുവനന്തപുരം, ബുധൻ / Thiruvananthapuram, Wednesday — 2015 ജൂലൈ 29 / 29th July 2015 — 1190 കർക്കടകം 13 / 13th Karkadakam 1190 — 1937 ശ്രാവണം 7 / 7th Sravana 1937 — നമ്പർ / No. 1785

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

2015 ജൂലൈ 29

നമ്പർ 5959/ലെഗ്.എ2/2015/നിയമം(2). തിരുവനന്തപുരം, 1190 കർക്കടകം 13

1937 ശ്രാവണം 7.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2015 ജൂലൈ 29-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. കുമാരി സുധ,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/3056/2015/S-27.

2015-ലെ 12-ാം ആക്റ്റ്

## 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ്

2015-2016 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2015-2016 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2008-ലെ 28-ാം ആക്റ്റിന്റെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ ഉത്തരവുകളിലോ ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റേയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റ് ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, കളക്ടർക്ക്, പ്രസ്തുത ഭൂമിയുടെ, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കാവുന്നതാണ്.".



GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 5959/Leg. A2/2015/Law (2). *29th July, 2015*

*Dated, Thiruvananthapuram, 13th Karkadakam, 1190*

*7th Sravana, 1937.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Finance (No. 2) Act, 2015 (12 of 2015).

By order of the Governor,

S. Kumari Sudha,

*Special Secretary (Law).*

[Translation in English of "2015-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ആക്റ്റ്" published under the authority of the Governor.]

## ACT 12 OF 2015

## THE KERALA FINANCE (No. 2) ACT, 2015

*An Act to give effect to certain financial proposals of the Government of Kerala for the Financial Year 2015-2016.*

*Preamble.*—WHEREAS, it is expedient to give effect to certain financial proposals of the Government of Kerala for the financial year 2015-2016 ;

BE it enacted in the Sixty-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Finance (No. 2) Act, 2015.

(2) It shall be deemed to have come into force on the 1st day of April, 2015.

2. *Amendment of Act 28 of 2008.*—In the Kerala Conservation of Paddy Land and Wet land Act, 2008 (28 of 2008), after section 3, the following section shall be inserted, namely:—

"3A. *Power to regularise the conversion or reclamation of paddy land made before the commencement of the Act.*— Notwithstanding anything contained in this Act or any other Act, rules or orders for the time being in force or in any judgement, decree or order of any court, tribunal or other authority, where before the commencement of this Act, any owner, occupier or the person in custody of any paddy land had undertaken conversion or reclamation of the said paddy land otherwise than in accordance with the provisions of any other Act existing at that time, the Collector may, regularise such conversion or reclamation, in such manner as may be prescribed, by recovering a fee equal to 25 percent of, the fair value of the said land notified under section 28A of the Kerala Stamp Act, 1959 (17 of 1959) or the fair value of adjacent land of similar nature, if the fair value of said land is not notified.".

---